(ജി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിനാവശ്യമായ ധനസമാഹരണം നടത്താൻവേണ്ട നടപടികൾ സ്വീകരിച്ചുവരികയാണ്. ലഭ്യമായ സൗകര്യങ്ങൾ വച്ചുകൊണ്ടുതന്നെ പ്രമേഹരോഗികളുടെ ബന്ധുക്കളിൽ പ്രമേഹരോഗപരിശോധന, ആരോഗ്യവിദ്യാഭ്യാസ പരിപാടികൾ, ആഹാര ക്രമീകരണ ഉപദേശങ്ങൾ, കണ്ണുസംബന്ധമായും വൃക്കസംബന്ധമായുമുള്ള കൂടുതൽ പരിശോധനകൾ എന്നിവ ഏപ്രിൽ മാസം മുതൽ ആരംഭിക്കുവാനുള്ള പരിപാടികൾ ആവിഷ്ക്കരിച്ചുവരുന്നു.

(എച്ച്) പരിഗണിക്കുന്നതാണ്.

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ വെന്റിലേറ്ററുകളുടെ കുറവ് പരിഹരിക്കാൻ നടപടി

135 [3835] *ശ്രീ. ഇ. എം. അഗസ്തി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ പീഡിയാട്രിക് നെഫ്റോളജി തുടർ വിദ്യാഭ്യാസ പരിപാടി ഉദ്ഘാടന വേളയിൽ വിഷൻ 2025-ന് അന്തിമ രൂപം നൽകുമെന്ന് പ്രഖ്യാപിച്ചത് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം ആശുപത്രികളിലാണ് പീഡിയാട്രിക് നെഫ്റോളജി വിഭാഗം പ്രവർത്തിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വെന്റിലേറ്ററുകളുടെ കുറവ് കാരണം രോഗികൾ മരണമടയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആയതിന് എന്തെല്ലാം തുടർ നടപടികൾ പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നടപ്പിലാക്കിയിട്ടില്ല.

(ബി) തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ പീഡിയാട്രിക് നെഫ്റോളജി ക്ലിനിക്ക് പ്രവർത്തിക്കുന്നുണ്ട്.

(സി) വെന്റിലേറ്ററുകളുടെ കുറവ് ഇപ്പോൾ ഇല്ല.

(ഡി) ആവശ്യത്തിനുള്ള വെന്റിലേറ്ററുകൾ തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിലും, മെഡിക്കൽ കോളേജ് ആശുപത്രിയിലും ലഭ്യമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly